മത്സ്യത്തൊഴിലാളികൾക്ക് കൈവശ ഭൂമി പതിച്ച് നല്കുന്നതിന് നടപടി

22 (1961) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി മെഴ്സിരവി :
ശ്രീ. എം. കെ. പോൾസൺമാസ്റ്റർ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വന്തമായി സ്ഥലമില്ലാത്തതും പുറംപോക്ക് ഭൂമിയിലും മറ്റ് സർക്കാർ ഭൂമിയിലും താമസിക്കുന്നവരുമായ എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ട് ;

(ബി) അവരുടെ കൈവശഭൂമി പതിച്ചു നല്കുവാൻ ഉദ്ദേശമുണ്ടോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 1964-ലെ കേരള ഭൂമിപതിവ് ചട്ടങ്ങളും 1995-ലെ മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശത്തെ ഭൂമി പതിവ് ചട്ടങ്ങളും പ്രകാരമാണ് സംസ്ഥാനത്ത് ഭൂമി പതിച്ച് നൽകിവരുന്നത്. ഭൂമി പതിവിനായി ലഭിക്കുന്ന അപേക്ഷകൾ താലൂക്ക് ഭൂമി പതിവ് കമ്മിറ്റിയുടെ ശുപാർശപ്രകാരം അർഹത പരിശോധിച്ച് തീർപ്പാക്കുന്നു. പതിവ് പട്ടയം നല്കുവാൻ ബുദ്ധിമുട്ടുള്ള മത്സ്യത്തൊഴിലാളികളുടെ കൈവശഭൂമിക്ക് കൈവശ രേഖ നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കടൽത്തീരത്ത് പട്ടയം നൽകുന്നതിന് അടിയന്തിര നടപടി

23 (1962) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഒന്നാം നിയോജക മണ്ഡലത്തിലെ കടൽത്തീരത്ത് പട്ടയം ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ഇന്നേവരെ ലഭിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത അപേക്ഷകൾ നിയമാനുസൃതം പരിഗണിച്ച് പട്ടയം നൽകാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 55 അപേക്ഷകൾ

(ബി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly